# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 48

**25.04.2017-ൽ മറുപടിക്ക്**

## സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | നിലവിലുള്ള സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; | (എ) | സെക്രട്ടേറിയേറ്റ്, പി.എസ്.സി. തുടങ്ങിയവയിലെ അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ റാങ്ക് പട്ടിക 08.04.2016-നാണ് നിലവിൽ വന്നത്. പ്രസ്തുത ലിസ്റ്റിൽ നിന്നും 135 (നൂറ്റി മുപ്പത്തഞ്ച്) പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്; | (ബി) | 24 ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ പുരോഗതി ഒരോ മാസവും വിലയിരുത്തുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഫലപ്രദമായ നടത്തിപ്പിന് സർക്കാർ ഒരു പുതിയ സോഫ്റ്റ് |

| | | | |
|---|---|---|---|
| | | | വെയർ 'VARAM' [Vacancy Arising, Reporting and Monitoring System] വികസിപ്പിച്ചിട്ടുണ്ട്. 2017 ഫെബ്രുവരി മാസം മുതൽ ഓരോ മാസത്തിലും ഉണ്ടാകുന്ന ഒഴിവുകളുടെ വിവരങ്ങൾ തൊട്ടടുത്ത മാസം 10-ാം തീയതിക്കുമുമ്പായി എല്ലാ വകുപ്പുകളും നിർബന്ധമായും VARAM Software മുഖേന റിപ്പോർട്ട് ചെയ്യുവാനും, ആയതിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ